**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 5268

23/05/17- ൽ മറുപടിക്ക്

## "പൊലിവ്" പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ. ബി.സത്യൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീമതി.പി.അയിഷാ പോറ്റി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) "പൊലിവ്" പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | എ) സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനായി 'പൊലിവ്' എന്ന പേരിൽ സംഘകൃഷി നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുടുംബശ്രീ സംഘടനാസംവിധാനത്തെ ശാക്തീകരിക്കുക, പഞ്ചശീലങ്ങൾ വഴി (ശുദ്ധജലം, മാലിന്യസംസ്കരണം, വൃത്തിയുള്ള പരിസരം, നല്ല ജീവിതശൈലി, നല്ല ആരോഗ്യം) കാർഷിക-ആരോഗ്യ സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് കുടുംബശ്രീ 'പൊലിവ്' പദ്ധതി 2016 ജൂലൈ 3 മുതൽ നടപ്പിലാക്കി വരുന്നത്. |
| ബി) കൃഷി വിപുലീകരണത്തോടൊപ്പം പാരിസ്ഥിതിക ആരോഗ്യ സംരക്ഷണത്തിനും കുടുംബശ്രീയുടെ ഇടപെടൽ കാരണമായിട്ടുണ്ട് എന്നത് വിലയിരുത്തിയിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) തരിശു ഭൂമി കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനും ജൈവ കൃഷിപ്രോത്സാഹനത്തിനും സംസ്ഥാനത്തെ ഭക്ഷ്യസ്വയംപര്യാപ്തമാക്കുന്നതിനും കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന "പൊലിവ്" പദ്ധതി എത്ര മാത്രം സഹായകമായിട്ടുണ്ടെന്ന് അറിയിക്കാമോ? | സി) തരിശു ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹനത്തിനും സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തമാക്കുന്നതിനും കുടുംബശ്രീ മിഷൻ സംഘകൃഷി ഗ്രൂപ്പുകൾവഴി കൃഷി നടത്തി വരുന്നു. ഓരോ അയൽക്കൂട്ടവും ചുരുങ്ങിയത് 3 സെന്റിൽ എന്ന കണക്കിൽ 18112 ഗ്രൂപ്പുകൾ പൊലിവ് പദ്ധതിയിലൂടെ കൃഷി ചെയ്തു. നിലവിൽ 7198.243 ഏക്കറിൽ കൃഷി ചെയ്തു വരുന്നുണ്ട്. ഇതിൽ ഭൂരിഭാഗം |

പ്രദേശവും തരിശു ഭൂമിയോ കൃഷി ചെയ്യാത്തതോ ആയ പ്രദേശങ്ങളാണ്. ഇതിനുപുറമേ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി എം.കെ.എസ്.പി. പദ്ധതിയിലൂടെ 7287 ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുകയും 6938 ഏക്കർ തരിശു സ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ